Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2019/1515 (7) തീയതി: 01.02.2019

## സർക്കുലർ

**വിഷയം:-** **കൈറ്റ് – ഹൈടെക് സ്കൂൾ പദ്ധതി – അവശേഷിക്കുന്ന ക്ലാസ് മുറികളിൽ പ്രൊജക്ടർ മൗണ്ടിംഗ്, വൈറ്റ് സ്ക്രീൻ സജ്ജമാക്കൽ എന്നിവയ്ക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-
1. സ.ഉ. (സാധാ) നം. 168/2018/പൊ.വി.വ. തീയതി 10.01.2018.
2. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 09.02.2018-ലെ APR-2/332/2017/KIIFB നമ്പർ കത്ത്.
3. ഈ ഓഫീസിലെ 16.02.2018 ലെ KITE/2018/1515(22) നമ്പർ സർക്കുലർ.
4. ഈ ഓഫീസിലെ 03.05.2018 ലെ KITE/2018/1515(10) നമ്പർ നടപടി ഉത്തരവ്.
5. ഈ ഓഫീസിലെ 23.11.2018 ലെ KITE/2018/1515(11) നമ്പർ നടപടി ഉത്തരവ്.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ക്ലാസ്മുറികളിൽ പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് ഇൻസ്റ്റാൾ ചെയ്യുന്നതിന് ക്ലാസൊന്നിന് 1000/- രൂപയും ക്ലാസ്മുറിയിലെ ഭിത്തി പെയിന്റ് ചെയ്ത് വൈറ്റ് സ്ക്രീൻ സജ്ജമാക്കുന്നതിന് ഒരു ക്ലാസ്മുറിക്ക് 1500/- രൂപയും സൂചന (2) പ്രകാരം അനുവദിച്ചിട്ടുണ്ട്. സൂചന (3) പ്രകാരം ഓരോ സ്കൂളിൽനിന്നും തുക ആവശ്യപ്പെടുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. സൂചന (4) പ്രകാരം ഒന്നാം ഘട്ടത്തിലും സൂചന (5) പ്രകാരം രണ്ടാം ഘട്ടത്തിലും വിതരണം ചെയ്ത ഉപകരണങ്ങൾക്കുള്ള തുക അനുവദിച്ചിരുന്നു. അവശേഷിക്കുന്ന ക്ലാസ് മുറികളിൽ പ്രൊജക്ടർ മൗണ്ട് ചെയ്യുന്നതിനും ക്ലാസ് മുറിയിലെ ഭിത്തി പെയിന്റ് ചെയ്ത് വൈറ്റ് സ്ക്രീൻ സജ്ജമാക്കുന്നതിനും തുക അനുവദിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഒന്നും രണ്ടും ഘട്ടങ്ങളിൽ മൗണ്ടിംഗ് കിറ്റ് ഇൻസ്റ്റാൾ ചെയ്യുന്നതിനും ഭിത്തി പെയിന്റ് ചെയ്ത് വൈറ്റ് സ്ക്രീൻ സജ്ജമാക്കുന്നതിനും തുക അനുവദിച്ച ക്ലാസ് മുറികൾക്ക് ഉപരിയായി ടി പ്രവർത്തനങ്ങൾ അവശേഷിക്കുന്ന ക്ലാസ് മുറികളിൽ നടത്തുന്നതിന് ആവശ്യമായ തുക അതത് സ്കൂളുകളിൽ നിന്ന് www.survey.itschool.gov.in ൽ 08.02.2019 നകം സമർപ്പിക്കേണ്ടതാണ്.
2. ഒന്നും രണ്ടും ഘട്ടങ്ങളിലേയ്ക്ക് സ്കൂളുകൾക്ക് അനുവദിച്ച തുകയുടെ ഉപയോഗ സർട്ടിഫിക്കറ്റ് അതത് പ്രഥമാധ്യാപകർ ഒപ്പിട്ട് ഓഫീസ് സീൽ വച്ച് കൈറ്റിന്റെ ജില്ലാ ഓഫീസിൽ 08.02.2019 നകം സമർപ്പിക്കേണ്ടതാണ്.
3. survey.itschool.gov.in ൽ നിന്ന് ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടിൽ സ്കൂളുകൾ സമർപ്പിച്ചിരിക്കുന്ന വിശദാംശങ്ങൾ ഓരോ സ്കൂളിലും സർവെ നടത്തിയ മാസ്റ്റർ ട്രെയിനർ പരിശോധിച്ച് ഉറപ്പുവരുത്തി ഒപ്പുവച്ച് ജില്ലാ കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതും ജില്ലാ കോ-ഓർഡിനേറ്റർ ആമുഖ കത്ത് സഹിതം തുക ആവശ്യപ്പെട്ടുകൊണ്ട് 14.02.2019 വൈകിട്ട് 3.00 മണിക്കുമുമ്പ് കൈറ്റിന്റെ സംസ്ഥാന ഓഫീസിൽ ലഭ്യമാക്കേണ്ടതും തുക അനുവദിക്കുന്ന മുറയ്ക്ക് അതത് സ്കൂളുകൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

കെ.അൻവർ സാദത്ത്

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ, മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ, മാസ്റ്റർ ട്രെയിനർമാർക്കും
പി.എം.യു, കൈറ്റ്/അക്കൗണ്ട്സ് വിഭാഗം, കൈറ്റ്/സ്റ്റോക് ഫയൽ